**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 35** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വിയ്യൂർ സെൻട്രൽ ജയിലിലെ കസ്റ്റഡി മരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. കെ. രാമചന്ദ്രൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. എൻ. കെ. അക്ബർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** വിയ്യൂർ സെൻട്രൽ ജയിലിൽ റിമാൻഡ് തടവുകാരനായിരുന്ന രേഷ് ബാബു എന്നയാൾ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** വിയ്യൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 461/2026, u/s 194 BNSS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ, തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി, മദ്ധ്യമേഖല ഡി.ഐ.ജി എന്നിവർ ജയിൽ സന്ദർശിച്ച് തടവുകാരുടെ മൊഴി അടക്കം രേഖപ്പെടുത്തിയിട്ടുണ്ട്.

**(ബി)** മർദ്ദനമേറ്റാണ് മരണം എന്നാരോപിച്ച് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

രേഷ് ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് പിതാവ് ശ്രീ. ബാബു ജില്ലാ പോലീസ് മേധാവിയ്ക്ക് 03/06/2026 തീയതിയിൽ പരാതി നൽകിയിരുന്നു. തുടരന്വേഷണത്തിനായി പരാതി, തൃശ്ശൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

**(സി)** മരിച്ച യുവാവ് മാനസിക വെല്ലുവിളി നേരിടുന്നയാളായിട്ടും പോലീസ് അക്കാര്യം മറച്ചുവെച്ചു എന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല.

**(ഡി)** പൂർണ്ണ ആരോഗ്യവാനായിരുന്ന പ്രസ്തുത തടവുകാരനെ അബോധാവസ്ഥയിൽ വായിലൂടെയും മൂക്കിലൂടെയും ട്യൂബ് ഇട്ട നിലയിൽ ബന്ധുക്കൾ കാണാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** RP 477/26 രേഷ് ബാബു S/o ബാബുവിനെ ജയിലിൽ അഡ്മിഷൻ എടുക്കുന്ന സമയം വാറന്റിലോ, ഹെൽത്ത് സ്ക്രീനിങ്ങ് റിപ്പോർട്ടിലോ ഇദ്ദേഹത്തിന് ചികിത്സ നൽകണമെന്ന അറിയിപ്പോ ദേഹപരിശോധനയിൽ ശരീരത്തിൽ പരിക്കുകളോ ഉണ്ടായിരുന്നില്ല. തുടർന്ന്

26/05/2026 തീയതിയിൽ ഏകദേശം 12 മണിയോട് കൂടി സെല്ലിൽ പാർപ്പിച്ചിരുന്ന രേഷ് ബാബുവിന് ദേഹാസ്വാസ്ഥ്യം ഉണ്ടായതിനെത്തുടർന്ന് തൃശ്ശൂർ ജനറൽ ഹോസ്പിറ്റലിൽ ചികിത്സയ്ക്കായി എത്തിക്കുകയും തുടർ ചികിത്സാർത്ഥം ടിയാനെ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് എത്തിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിൽ പ്രവേശിയ്ക്കപ്പെട്ട രേഷ് ബാബുവിനെ ആദ്യം ജനറൽ മെഡിസിൻ കാഷ്വാലിറ്റി വിഭാഗത്തിലും, തുടർന്ന് മെഡിക്കൽ ICU യിലേയ്ക്കും മാറ്റുകയും ബന്ധുക്കളെ വിവരം അറിയിച്ചതിനെ തുടർന്ന് രാത്രി 9.00 മണിയോട് കൂടി ടിയാന്റെ മാതാപിതാക്കൾ ആശുപത്രിയിലേയ്ക്ക് എത്തുകയും ചെയ്തിരുന്നു.

26/05/2026 തീയതി മുതൽ 29/05/2026 തീയതി വൈകിട്ട് 04:00 മണിവരെ ജയിലുദ്യോഗസ്ഥരാണ് ആശുപത്രിയിൽ സർവൈലൻസ് ഡ്യൂട്ടിയിലുണ്ടായിരുന്നത്. രേഷ് ബാബു മെഡിക്കൽ കോളേജിൽ ICU-ൽ ചികിത്സയിലിരിക്കെ ടിയാനെ പരിചരിക്കാനായി ആശുപത്രിയിൽ MICU-ന് സമീപം ഉണ്ടായിരുന്ന ടിയാന്റെ അമ്മയെയും, അനുജത്തിയെയും MICU ലേക്ക് ചികിത്സിച്ചിരുന്ന ഡോക്ടർ വിളിപ്പിക്കുകയും ടി ആളുകൾ രേഷ് ബാബുവിനെ MICU ൽ വെച്ച് കണ്ടിട്ടുള്ളതുമാണ്. MICU-ൽ രേഷ് ബാബു അബോധാവസ്ഥയിൽ ആയിരുന്നതിനാൽ മെഡിക്കൽ കോളേജിലെ ഡോക്ടറുടെ നിർദേശാനുസരണമാണ് ടിയാന് ജീവൻ രക്ഷാ ഉപകരണങ്ങൾ ഘടിപ്പിച്ചിരുന്നത്. പ്രസ്തുത കാര്യം ഡോക്ടർ മൊഴി നൽകി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**